**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **09-10-2024 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ പൈലറ്റ് പദ്ധതിയായ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം വേഗത്തിലാക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ; | (എ) | **സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖ അംഗീകരിച്ച് സ. ഉ.(കൈ) നം. 29/2021/വനം തീയതി 17/12/2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള ശുഷ്കമായതും നാശോന്മുഖമായതുമായ വനപ്രദേശങ്ങളിൽ പാരിസ്ഥിതിക പുനഃസ്ഥാപനം ഉറപ്പ വരുത്തുകയാണ് ലക്ഷ്യം. പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കിലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങളും പരാജിത തേക്ക് തോട്ടങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട മരങ്ങളും ഫലവൃക്ഷങ്ങളും നട്ടു പിടിപ്പിക്കുക വഴി, വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ മനുഷ്യ-വന്യജീവി സംഘർഷവും ഒരു പരിധിവരെ ലഘൂകരിക്കാനാവുമെന്ന് കരുതുന്നു. ഇതിന്റെ ഭാഗമായി 2022 മുതൽ 2024 ജൂൺ വരെ 1346.54 ഹെക്ടർ പ്രദേശത്ത് സെന്ന, വാറ്റിൽ ഉൾപ്പെടെയുള്ള അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 5585.57 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നതും, 1555.70 ഹെക്ടർ സ്ഥലത്ത് പുതുതായി പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുള്ളതുമാണ്.** |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് അധിനിവേശ സസ്യങ്ങൾ ഒഴിവാക്കി ഫല-ഔഷധ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | **സംസ്ഥാനത്ത് 2024 ജൂൺ വരെ 1364.54 ഹെക്ടർ സ്ഥലത്ത് അധിനിവേശ സസ്യങ്ങൾ ഒഴിവാക്കി ഫല-ഔഷധ വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 5585.57 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പുരോഗമിക്കുന്നുമുണ്ട്.** |
| (സി) | വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാതിരിക്കുവാൻ ചെറുതടയണകളിലെയും ചെക്ക് ഡാമുകളിലെയും വയലുകളിലെയും ചെളി നീക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | **മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ചെറുതടയണകളിലെയും ചെക്ക് ഡാമുകളിലെയും വയലുകളിലെയും ചെളി നീക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി 2024 ജനുവരി മുതൽ ജൂൺ വരെ നിലവിലുള്ള ചെറുതടയണകളും, ചെക്ക് ഡാമുകളും (1434 എണ്ണം), വയലുകളും (574 എണ്ണം), ബ്രഷ്‌വുഡ് തടയണകളും, ചെറുകുളങ്ങളും ചെളി നീക്കി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. വയലുകളുടെയും നീർച്ചാലുകളുടെയും നവീകരണം നടത്തി സംരക്ഷിച്ച് വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ